# പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2053 08.03.2018- ൽ മറുപടിക്ക്**

**കൈത്തറി മേഖലയുടെ നവീകരണവും ഉല്പന്ന വൈവിധ്യവൽക്കരണവും**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. യു. ആർ. പ്രദീപ് | ശ്രീ. എ. സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

(എ) കൈത്തറി മേഖലയുടെ നവീകരണത്തിനും ഉല്പന്ന വൈവിധ്യവൽക്കരണത്തിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത്; വിശദാംശം വ്യക്തമാക്കുമോ; 2017-18 സാമ്പത്തിക വർഷം ഇതിനായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു;

(എ) കൈത്തറി മേഖലയുടെ നവീകരണത്തിനും ഉല്പന്ന വൈവിധ്യവൽക്കരണത്തിനുമായി സ്വീകരിച്ച നടപടികളും ആയതിലേക്കായി 2017-18 സാമ്പത്തിക വർഷം വകയിരുത്തിയിരുന്ന തുകയും ചുവടെ ചേർക്കുന്നു.

1)കൈത്തറി മേഖലയുടെ നവീകരണത്തിനായി വർക്ക്ഷെഡ് നവീകരണം, ഡൈഹൗസ് നവീകരണം, മൂല്യവർദ്ധിതവും അധിക മൂല്യവർദ്ധിതവുമായി ഉൽപന്നങ്ങളുടെ ഉൽപാദനവും പ്രോത്സാഹനവും എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2017-18 സാമ്പത്തിക വർഷം ഇതിനായി 3.8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം പ്രസ്തുത 3.8 കോടി രൂപ ഉൾപ്പെടെ കൈത്തറി സംഘങ്ങളുടെ നവീകരണത്തിനായുള്ള പദ്ധതിയിൽ ആകെ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

2) **യുവവീവ് പദ്ധതി** - 18 നും 40 നും ഇടയിൽ പ്രായമുള്ള യുവതീയുവാക്കളായ 500 പേർക്ക് സംസ്ഥാനത്ത ഒട്ടാകെയായി പരിശീലനം നൽകുകയാണ് ലക്ഷ്യം. ഇതിനായി 3.9 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കുടുംബശ്രീ മിഷനും അതാത് ജില്ലാ വ്യവസായ കേന്ദ്രങ്ങളും ചേർന്നാണ് ഓരോ ജില്ലയിലെയും പ്രവർത്തനങ്ങൾ നടത്തുന്നത്. ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

3)**ഡിസൈൻ സെന്ററുകൾ-** കൈത്തറി ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും ബ്രാൻഡിങ്ങിനുമായി തിരുവനന്തപുരത്ത് ഹാന്റക്സിന്റെ കീഴിലും കണ്ണൂരിൽ ഹാൻവീവിന്റെ കീഴിലും ഓരോ ഡിസൈൻ സെന്ററുകൾ വീതം സ്ഥാപിക്കുവാൻ തീരുമാനിക്കുകയും ഈ പദ്ധതി നടപ്പാക്കുവാൻ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം

ടെക്നോളജി, കണ്ണൂരിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം ഇതിലേക്കായി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി പദ്ധതി നടത്തിപ്പിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഡിസൈനർമാരെ നിയോഗിക്കുന്നതിനായി 25 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

(ബി) പുതുതായി കൈത്തറി വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് കൈത്തറി വകുപ്പ് ചെയ്തുകൊടുക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

(ബി) കൈത്തറി മേഖലയിലേക്ക് പുതിയ സംരംഭകരെ ആകർഷിക്കുന്നതിനും തൊഴിൽ രഹിതരായ അഭ്യസ്തവിദ്യർക്ക് കൈത്തറി മേഖലയിൽ ഉൽപാദനയൂണിറ്റുകൾ തുടങ്ങി സ്വയം തൊഴിൽ കണ്ടെത്തുന്നതിനും വേണ്ടി സർക്കാർ വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് കൈത്തറി മേഖലയിലെ സ്വയം തൊഴിൽ സഹായ പദ്ധതി. ഈ പദ്ധതി പ്രകാരം ഈ മേഖലയിൽ പുതിയ സംരംഭകരെ കണ്ടെത്തുന്നതിനും ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി, പോളിടെക്നിക്കുകൾ, വി.എച്ച്.എസ്.ഇ എന്നിവിടങ്ങളിൽ നിന്നും ടെക്സ്റ്റൈൽ ടെക്നോളജിയിൽ സാങ്കേതിക പരിജ്ഞാനം നേടിയിട്ടുള്ളവരോ നെയ്ത്തിൽ പരിചയ സമ്പന്നരോ ആയ സംരംഭകർക്ക് പുതിയ സംരംഭം ആരംഭിക്കുന്നതിനും കൈത്തറി മേഖലയിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്വയം തൊഴിൽ സഹായ പദ്ധതി. ഇതിനായി മാർഗ്ഗ നിർദ്ദേശങ്ങളും ബാങ്ക് വഴി അംഗീകരിക്കപ്പെടുന്ന പദ്ധതി രേഖയ്ക്ക് ആനുപാതികമായ സാമ്പത്തിക സഹായവും അനുവദിക്കുന്നു. പ്രസ്തുത പദ്ധതിയിൽ സ്ഥിര നിക്ഷേപത്തിന് 40% പരമാവധി 4 ലക്ഷം രൂപ പ്രവർത്തന മൂലധനം, 30% പരമാവധി 1.5 ലക്ഷം രൂപ മാർജിൻ മണി ഗ്രാന്റ് എന്നിവ അനുവദനീയമാണ്. ഇത് വഴി വിവിധ ജില്ലകളിലായി കൈത്തറി മേഖലയിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുന്നു.

**സെക്ഷൻ ഓഫീസർ**